ആറു പതിറ്റാണ്ടു കാലത്തെ പഴക്കമുള്ള പ്രശ്നമാണ ലാലൂർ. പല ഘട്ടങ്ങളിലും സമരം മൂർഛിക്കുയും താൽക്കാലികാശ്വാസത്തിന്റെ പേരിൽ വീണ്ടും പിന്നോട്ടു പോകുകയും ചെയ്തിട്ടുണ്ട്. ഒന്നു മഴ പെയ്താൽ അല്ലെങ്കിൽ രൂക്ഷമായ ആരോഗ്യപ്രശ്നം വന്നാൽ വിഷവാതകം ശ്വസിച്ചാൽ അള പൊട്ടിയ പാമ്പിനെ പോലെ സമരവും നിലവിളിയുമായി ലാലൂർ നിവാസികൾ ഒന്നടങ്കം കോർപ്പറേഷനു മുന്നിലേക്കോ അല്ലാതെയോ സമരത്തിലേക്ക് എടുത്തു ചാടാറാണ് പതിവ്. പല പല ഘട്ടങ്ങളിൽ അന്നന്നത്തെ സമരങ്ങളെല്ലാം താൽക്കാലിക മുട്ടുശാന്തിപോലെ ചില ഒത്തുതീർപ്പിന്റെയും ചില നേട്ടങ്ങളുടെയും പേരിൽ നിർത്തിവെക്കും. ഇപ്പോൾ മുഖ്യമന്ത്രി ഇടപെടലിലൂടെയുണ്ടായിരിക്കുന്ന ഈ സമരം നിർത്തലിൽ നിന്നും പ്രശ്നപരിഹാരത്തിലേക്കുള്ള ദൂരമെത്രയാണ്? ഒരു നിരീക്ഷണം.

## ഗാനഗന്ധർവന്റെ പാട്ടിനും ഉണർത്താനാവില്ല, ഉറക്കം നടിച്ചുകിടക്കുന്ന ചിലരെ...

# ലാലൂർ മറ്റൊരു സമരത്തിലേക്ക് ദൂരമളക്കുന്നു

പി.എം. ജയൻ

ഗാനഗന്ധർവ്വൻ യേശുദാസിന്റെ മധുരതരമാർന്ന ശബ്ദത്തോളം പോരുമോ(സുന്ദരാനുഭവമാണോ) ഇക്കഴിഞ്ഞ ദിവസം നാരങ്ങാനീര് നൽകി അവസാനിപ്പിച്ച ലാലൂരിലെ റിലേ നിരാഹാരത്തിന്റെ വിജയാഹ്ലാദം? മാലിന്യപ്രശ്നപരിഹാരത്തിന് എതിർപക്ഷത്ത് നിൽക്കുന്നത് ഇച്ഛാശക്തിയില്ലാത്ത മുഖ്യധാരാ രാഷ്ട്രീയക്കാരാണെന്നും (ഇപ്പോൾ സി പി എമ്മാണെന്നും), പഴയ വീരകേസരി വി എസ് അച്യുതാനന്ദനല്ല ഇപ്പോൾ അധികാരത്തിലിരിക്കുന്നതെന്നും കൂടി കണക്കിലെടുത്താൽ അത്തരം ആശങ്കയ്ക്ക് ഏറെ പ്രസക്തിയുണ്ടുതാനും. കഴിഞ്ഞ നാലു മാസങ്ങളിലായി നീണ്ടു നിന്ന നിരാഹാരസമരവും അതിന്റെ പരിസമാപ്തിയുമൊക്കെ പരിശോധിക്കുമ്പോൾ ഇതു കുറെകൂടി വ്യക്തമാകും.

ആറു പതിറ്റാണ്ടു കാലത്തെ പഴക്കമുള്ള പ്രശ്നമാണ ലാലൂർ. പല ഘട്ടങ്ങളിലും സമരം മൂർഛിക്കുയും താൽക്കാലികാശ്വാസത്തിന്റെ പേരിൽ വീണ്ടും പിന്നോട്ടു പോകുകയും ചെയ്ത് കിതച്ചും കുതിച്ചും നീങ്ങിയ ചരിത്രമാണിതിനുള്ളത്. ഒന്നു മഴ പെയ്താൽ അല്ലെങ്കിൽ രൂക്ഷമായ ആരോഗ്യപ്രശ്നം വന്നാൽ വിഷവാതകം ശ്വസിച്ചാൽ അള പൊട്ടിയ പാമ്പിനെപോലെ സമരവും നിലവിളിയുമായി ലാലൂർ നിവാസികൾ ഒന്നടങ്കം കോർപ്പറേഷനു മുന്നിലേക്കോ അല്ലാതെയോ സമരത്തിലേക്ക് എടുത്തു ചാടാറാണ് പതിവ്. പല പല ഘട്ടങ്ങളിൽ അന്നന്നത്തെ സമരങ്ങളെല്ലാം താൽക്കാലിക മുട്ടുശാന്തിപോലെ ചില ഒത്തുതീർപ്പിന്റെയും ചില നേട്ടങ്ങളുടെയും പേരിൽ നിർത്തിവെക്കും. പലപ്പോഴും ഒരു സമൂഹം ഒന്നടങ്കം ഉറങ്ങുമ്പോൾ അവർ നിക്ഷേപിക്കുന്ന മാലിന്യത്തിന്റെ പേരിൽ ഉറക്കമില്ലാതെ സമരത്തിലേക്ക് വലിച്ചിഴക്കുന്ന, ചില ഘട്ടത്തിൽ മരണത്തിലേക്കു പോലും(മൂന്നു പേർ വിഷ വാതകം ശ്വസിച്ച് മരിച്ചിരുന്നു) നയിക്കപ്പെടുന്നവർ. ഇത്തരത്തിലൊരു നിർണായകഘട്ടത്തിലാണ് മറ്റൊരു വഴിയുമില്ലെന്ന് കണ്ട് ലാലൂരുകാർ നാല് മാസം മുമ്പ് അനിശ്ചിതകാല നിരാഹാരസമരം തുടങ്ങിയത്.

2009 ഡിസംബർ 14 മുതലാണു ലാലൂർ മലിനീകരണ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ റിലേ നിരാഹാരം ആരംഭിച്ചത്. സമരം തുടങ്ങിയതുമുതൽ നാനാഭാഗത്തു നിന്നും അത്യധികം മാനുഷിക മൂല്യങ്ങളും ഉള്ളിലേന്തി പലരും സമരത്തിന് ഐക്യദാർഢ്യവുമായി സമരപന്തലിൽ അണിനിരന്നു. നിരവധി സാംസ്ക്കാരിക പ്രവർത്തകർ പ്രത്യേകിച്ച് സി പി എം സഹയാത്രികനെന്ന് വിശേഷിപ്പിക്കാവുന്ന സാക്ഷാൽ സുകുമാർ അഴീക്കോട്, സാറാജോസഫ്, സുഗതകുമാരി, കവി കെ ജി ശങ്കരപ്പിള്ള, കെ വേണു തുടങ്ങി നിരവധി പേർ സമരത്തിൽ സജീവ സാന്നിധ്യമായി. ചക്കംകണ്ടം, കാതിക്കുടം, മൂരിയാട് സമരസമിതി പ്രവർത്തകരും, പി യു സി എൽ, പോരാട്ടം അടക്കമുള്ള പ്രസ്ഥാനങ്ങളും സി പി ഐ-യു ഡി എഫ് നേതാക്കളും സമരത്തിന്റെ വിവിധ ദിവസങ്ങളിൽ ഇവിടെ എത്തിയിരുന്നു. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനമായ സി പി എമ്മും അവർ നേതൃത്വം കൊടുക്കുന്ന കോർപ്പറേഷനുമാകട്ടെ സമരത്തെ അവഗണിച്ച് പരാജയപ്പെടുത്താമെന്ന കൗശലബുദ്ധിയുമായി ഏറെ മുന്നോട്ടുനീങ്ങി. പല ഘട്ടത്തിലും പ്രകോപനം തീർക്കാൻ സി പി എം ഏറെ പണിപ്പെട്ടു(മന്ത്രി പാലൊളി മുഹമ്മദ്കുട്ടിക്ക് നിവേദനം കൊടുക്കാൻ കോർപ്പറേഷനു മുന്നിലെത്തിയ സമരസമിതിക്കാരെ ആട്ടിയോടിച്ചതടക്കം) എന്നാൽ മുൻകാലങ്ങളിൽ പലപ്പോഴും ആക്രമാസക്ത സമരം നടത്തിയ അതേ സമരക്കാർ തീർത്തും സമാധാനപരമായി സമരത്തെ നയിച്ചപ്പോൾ സി പി എമ്മിന്റെ പരമ്പരാഗത തന്ത്രങ്ങൾ ഇവിടെ പൊളിഞ്ഞുവീഴുകയായിരുന്നു.

സമരം അകാരണമായി നീണ്ടുപോകുകയും സമരമാർഗ ങ്ങളിൽ പുതിയ നീക്കങ്ങൾ വേണ മെന്നും വന്നപ്പോഴാണ് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ മുന്നിലേക്ക് വിഷയം എത്തിക്കാൻ സമരക്കാർ നിർബന്ധിതരായത്. ആദ്യം തിരുവ ന്തപുരത്ത് പോയ സമരക്കാരെ സൗഹാർദ്ദപൂർവ്വം സ്വീകരിച്ച വി എസ് ഗൗരവത്തിൽ വിഷയം കാണു കയും മൂന്നാമത്തെ കൂടിക്കാഴ്ച യോടെ വികേന്ദ്രീകൃതമായ തോതിൽ മാലിന്യം സംസ്ക്കരിക്കാ മെന്നും നിലവിലുള്ള എ ഡി ബി പദ്ധതി വഴി ലാലൂരിൽ മാത്രം മാലിന്യം തള്ളുന്ന കേന്ദ്രീകൃതസം സ്ക്കരണരീതി ഒഴിവാക്കണമെന്നും മേയർക്ക് നിർദ്ദേശം നൽകി. പരിഹാ രപദ്ധതി നടപ്പാക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ മുൻ പ്രൊ വൈസ് ചാൻസലർ പത്തിയൂർ ഗോപിനാഥിനെ ചുമതലപ്പെടുത്തു കയും ചെയ്തു. ഇത്തരമൊരു ഘട്ട ത്തിലാണ് നിരാഹാരസമരം നിർ ത്താൻ സമരക്കാർ തയ്യാറായത്.

എന്താണ് ലാലൂർ പ്രശ്ന പരിഹരി ക്കാനായി മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ മുന്നോട്ടുവച്ച മാന്ത്രി കവിദ്യകളെന്നും പത്തിയൂർ ഗോപി നാഥിന്റെ നേതൃത്വത്തിൽ എന്താണ് ഇവിടെ നടത്താൻ പോകുന്നതെന്നും അതിന്റെ കാലാവധി എത്രയെന്നു മുള്ള വിശദാംശങ്ങളാണ് ഇനി അറി യാനുള്ളത്. 'ലാലൂർ സമരം തീർന്നു' എന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ ചില മുഖ്യധാരാമാധ്യമങ്ങൾ ഒന്നാം പേജിൽ മുകളിൽ വീശിക്കൊടുത്ത പോലെ അത്ര ലളിതമായി തീർന്നോ സമരം എന്ന് പരിശോധിക്കുമ്പോൾ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന തീരുമാനങ്ങളുടെയും ഇവിടെ നടപ്പാക്കാൻ പോകുന്ന പദ്ധതിയു ടെയും മുഴുവൻ വിശദാംശങ്ങളും ആർക്കും അറിയില്ലെന്നാണ് മനസി ലാക്കാൻ കഴിഞ്ഞത്. മൂന്നു വർഷം കൊണ്ട് ലാലൂർ പ്രശ്നവും കോർപ്പ റേഷനിലെ മാലിന്യ പ്രശനവും ഒന്ന ടങ്കം പരിഹരിച്ചുകളയാനുള്ള തീരു മാനമാണ് തിരുവനന്തപു രത്തുണ്ടായതെന്നാണ് മാധ്യമങ്ങൾ പറയുന്നത്.

> നിലവിൽ കോടികൾ ചെലവിട്ട് ഇവിടെ നടപ്പാക്കുന്ന എൻജി നിയറിംഗ് ലാന്റ് ഫില്ലിംഗ് എന്ന എ ഡി ബിയുടെ കേന്ദ്രീ കൃത സംസ്ക്കരണപദ്ധതി നടപ്പാക്കില്ലെന്ന് ഉറപ്പ് കിട്ടിയതാണ് തങ്ങളുടെ വലിയ നേട്ടമെന്നും മറ്റു കാര്യങ്ങൾ സമരസഹാ യസമിതിയും സമരസമിതിയും ചേർന്ന് ആലോചന നട ത്തേണ്ട കാര്യമാണെന്നുമാണ് സമരക്കാർ വ്യക്തമാക്കുന്ന ത്. ഇത്രയും കാര്യങ്ങൾ കിട്ടുമ്പോൾ തന്നെ നീണ്ട കാലം കൊണ്ട് നടപ്പാക്കുമെന്ന് (ശാശ്വത പരിഹാരത്തിനായി) പറ യപ്പെടുന്ന പദ്ധതിയെക്കുറിച്ച് അവ്യക്തത ഏറെയാണെന്ന് വ്യക്തമാകും. പദ്ധതിയുടെയോ തിസീസിന്റെയോ കുറ വുകൊണ്ടല്ല, കേരളത്തിൽ ഇതുവരെ മാലിന്യസംസ്ക്കരണം എവിടെയും ആത്മാർത്ഥമായി നടക്കാതെ പോയത്. നടപ്പാ ക്കാനുള്ള രാഷ്ട്രീയപ്പാർട്ടികളുടെയും ഉദ്യോഗസ്ഥരുടെ ഇച്ഛാശക്തിയില്ലായ്മയാണെന്ന് ആർക്കാണ് അറിയാത്തത്.

മുഖ്യമന്ത്രി വി എസിന്റെ പ്രഖ്യാപ നവും തീരുമാനവുമായതി നാൽ 'സ്ത്രീ പീഡനക്കാരെ കൈയാമം വച്ച് തെരുവിലൂടെ നട ത്തിക്കും, എഡിബിക്കാരെ ചെവിക്കു റ്റിക്ക് അടിക്കും' (ഒരിക്കലും നടക്കാ തെപോയവ)എന്ന തരത്തിലുള്ള ജന പ്രീതിയേറിയ/ആവേശമേറിയ വാച കങ്ങളായി മാധ്യമങ്ങൾ അതിനെ മാ റ്റി,കൊണ്ടാടി. എന്തുതന്നെയായാലും മുഖ്യമന്ത്രി വി എസിന്റെ ഉദ്ദേശശു ദ്ദിയെ ചോദ്യം ചെയ്യേണ്ടതില്ലെങ്കിലും പത്തിയൂർ ഗോപിനാഥ് മുന്നോട്ടുവെ ക്കുന്ന കാര്യങ്ങൾ എന്തെന്ന് അറിയാ വുന്നതാണ്.

**പത്തിയൂർ തിരക്കിലാണ്**

പത്തിയൂർ ഗോപിനാഥ് ലാലൂരിൽ ചെയ്യാൻ പോകുന്ന പുതിയ പദ്ധതി യുടെ വിശദാംശങ്ങൾ പുറത്തുവന്നി ട്ടില്ല.( ഏപ്രിൽ 18 വരെ) പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കുന്നതിന്റെ തുട ക്കത്തിൽത്തന്നെ അദ്ദേഹത്തിന്റെ നേരെ എതിർപ്പും ഉയർന്നു കഴിഞ്ഞു. പദ്ധതിയുടെ ഭാഗമായി ലാലൂരിലെ മാലിന്യം കൊണ്ടിട്ട് സംസ്ക്കരി ക്കാൻ തീരുമാനിച്ച ഒരു സ്ഥലം കാർഷികസർവകല വളപ്പാണ്. എന്നാൽ അവിടെ മാലിന്യ ഇടരു തെന്ന് പറഞ്ഞ് ഒരു കൂട്ടം നാട്ടുകാർ ഈയിടെ പത്തിയൂരിനെ തടഞ്ഞുവെ ക്കുകയും മുദ്രാവാക്യം വിളിക്കുയും ചെയ്തിരുന്നു. തുടക്കത്തിൽ തന്നെ യുള്ള ഈ പ്രതിഷേധം പത്തിയൂരിന് നേരിയ ക്ഷീണം ഉണ്ടാക്കിയിട്ടുണ്ടെ ന്നാണ് കരുതുന്നത്. ജനം പ്രതിഷേ ധിച്ചതിന് ശേഷം ദിവസങ്ങളോളം അദ്ദേഹത്തിന്റെ ഫോൺ സ്വിച്ച് ഓഫ് ആയിരുന്നു.

എന്തുതന്നെയായാലും ജൂൺ 15 ന് പദ്ധതി പ്രവർത്തനം തുടങ്ങും, ആറുമാസത്തിനകം താൽക്കാലിക പരിഹാരം, മൂന്നര വർഷം കൊണ്ട് പൂർണ്ണപരിഹാരം,മാലിന്യങ്ങൾ കോർപ്പറേഷനിലെ 52 ഡിവിഷനുക ളിലാക്കി വികേന്ദ്രീകരിച്ച് സംസ്ക്ക രിക്കും, പത്തു കോടി ചിലവ്, ഇതൊ ക്കെയാണ് മാധ്യമങ്ങൾ തിരുവനന്ത പുരുത്തുനിന്ന് പുറത്തുവിട്ട പദ്ധതി യുടെ വിവരങ്ങൾ. എന്നാൽ ജൂലൈ 14 നുമുമ്പ് പദ്ധതി ഇംപ്ലിമെന്റ് കമ്മിറ്റി വിളിക്കുമെന്നും മൂന്ന് വർഷംകൊണ്ട് തീർക്കുന്നതാണ് പദ്ധതിയെന്നും പ ദ്ധതിയുടെ പൂർണവിവരം എന്താ ണെന്ന് അറിയില്ലെന്നും പത്തിയൂ രിനെ വിളിച്ചാൽ ഫോൺ കിട്ടുന്നി ല്ലെന്നുമൊക്കെയാണ് സമരസമിതി ക്കാർ പറയുന്നത്. എന്തുതന്നെയാ യാലും ഈ വർഷം നിലവിലുള്ള തുപോലെ സ്ഥിതി ഗതികൾ ഇഴഞ്ഞുപോകാനാണ് സാധ്യതയെ ന്നാണ് സമരരംഗത്തെ ചിലർതന്നെ സമ്മതിക്കുന്നത്. എന്നാൽ നിലവിൽ കോടികൾ ചെലവിട്ട് ഇവിടെ നടപ്പാ

ക്കുന്ന എൻജിനിയറിംഗ് ലാന്റ് ഫില്ലിംഗ് എന്ന എ ഡി ബിയുടെ കേന്ദ്രീകൃത സംസ്ക്കരണപദ്ധതി നടപ്പാക്കില്ലെന്ന് ഉറപ്പ് കിട്ടിയതാണ് തങ്ങളുടെ വലിയ നേട്ടമെന്നും മറ്റു കാര്യങ്ങൾ സമരസഹായസമിതിയും സമരസമിതിയും ചേർന്ന് ആലോചന നടത്തേണ്ട കാര്യമാണെന്നുമാണ് സമരക്കാർ വ്യക്തമാക്കുന്നത്. ഇത്രയും കാര്യങ്ങൾ കിട്ടുമ്പോൾ തന്നെ നീണ്ട കാലം കൊണ്ട് നടപ്പാക്കുമെന്ന്(ശാശ്വത പരിഹാരത്തിനായി) പറയപ്പെടുന്ന പദ്ധതിയെക്കുറിച്ച് അവ്യക്തത ഏറെയാണെന്ന് വ്യക്തമാകും. പദ്ധതിയുടെയോ തിസീസിന്റെയോ കുറവുകൊണ്ടല്ല, കേരളത്തിൽ ഇതുവരെ മാലിന്യസംസ്ക്കരണം എവിടെയും ആത്മാർത്ഥമായി നടക്കാതെ പോയത്. നടപ്പാക്കാനുള്ള രാഷ്ട്രീയപ്പാർട്ടികളുടെയും ഉദ്യോഗസ്ഥരുടെ ഇച്ഛാശക്തിയില്ലായ്മയാണെന്ന് ആർക്കാണ് അറിയാത്തത്. അപ്പോൾ പത്തിയൂർ ഗോപിനാഥിന്റെ പദ്ധതി എന്താണെന്നതിനെക്കുറിച്ച് ആരും തല പുകക്കേണ്ട കാര്യമില്ല. അതിനു മുമ്പ് ഇതേ കോർപ്പറേഷൻ മുമ്പ് മറ്റൊരു പദ്ധതി നടപ്പാക്കിയ കാര്യം പരിശോധിക്കാം

### ആർ വി ജി മേനോനെ എഴുതിതള്ളിയോ?

കേരളത്തിൽ ബദൽ മാലിന്യസംസ്ക്കരണത്തിനെക്കുറിച്ച് സംസാരിക്കാനും അതിന്റെ പ്രായോഗിക മാർഗം അവലംഭിക്കാനും ആർ വി ജി മേനോൻ എന്ന ഇടതു സഹയാത്രികൻ അത്ര മോശപ്പെട്ട ആളാണെന്ന് എന്തിന് കോൺഗ്രസുകാർ(പ്രത്യേകിച്ച് തൃശൂരിലെ)പോലും പറയുമെന്ന് തോന്നുന്നില്ല. കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ മുതിർന്ന നേതാവും ഇപ്പോൾ അവരുടെ പ്രസിദ്ധീകരണമായ ശാസ്ത്രഗതിയുടെ പത്രാധിപരുമായ ആർ വി ജി നിരവധി ബദൽ നിർദേശങ്ങൾ മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് മുന്നോട്ടു വെക്കുകയും ചർച്ച ചെയ്യുകയുമുണ്ടായിട്ടുണ്ട്. അതിനാൽ തന്നെയാകാം തൃശൂർ കോർപ്പറേഷൻ യു ഡി എഫ് ഭരിക്കുമ്പോൾ 2003ൽ ആർ വി ജി മേനോനെ ചെയർമാനായികൊണ്ട് മാലിന്യ സംസ്ക്കരണത്തിന് പദ്ധതി തയ്യാറാക്കി. ലാലൂർ സമസരം മൂലം ഭരണം മുന്നോട്ടു നയിക്കാൻ പറ്റാത്ത ഘട്ടത്തിലാണ് കോൺഗ്രസുകാർ പരിഷത്തുകാരനായ ആർ വി ജിയെ ഇതിന് ചുമതലപ്പെടുത്തിയത്. എയറോബിക് കമ്പോസിറ്റ് സിസ്റ്റത്തിലൂടെ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള ഓർഗൈവറാണ് അന്ന് പദ്ധതിയുടെ ഭാഗമായി ലാലൂരിൽ സ്ഥാപിച്ചത്. ഒന്നിൽ കൂടുതൽ ഓർഗൈവറുകൾ ജർമ്മനിയിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഇവിടെ സംസ്ക്കരണം നത്തിയിരുന്നത്. എന്നാൽ ഒരു വർഷം കഴിയും മുമ്പ് യന്ത്രങ്ങൾ തകരാറിലായി. ലാലൂർ പ്രശ്നം വീണ്ടും പഴയ പടിയിലേക്ക് മടങ്ങി. മിഷ്യൻ റിപ്പയർ ചെയ്യാനോ ഇതേ മാതൃകയിൽ കോർപ്പറേഷന്റെ മറ്റു സ്ഥലത്തേക്ക് ഇത് വ്യാപിക്കാനോ പിന്നീട് വന്ന എൽ ഡി എഫ് ഭരണാധികാരികൾ തയ്യാറാകാത്തതാണ് പദ്ധതി പരാജയപ്പെടാൻ കാരണമെന്നാണ് യു ഡി എഫിന്റെ ആക്ഷേപം. അന്നത്തെ പദ്ധതി വേണ്ടത്ര വിജയിക്കാതെ പോയത് ഇത്തരം മിഷ്യൻ ഇറക്കുമതി ചെയ്യുന്നതിലും മറ്റും വൻ അഴിമതി നടത്തിയതിനാലാണെന്നാണ് സമരസമിതിക്കാർ പറയുന്നത്. പിന്നീട് വന്ന എൽ ഡി എഫ് സർക്കാരാകട്ടെ അതിലും വലിയ പണം മുടക്കി ഒരു കാലത്ത് അവർതന്നെ സമരം ചെയ്ത് ആട്ടിയോടിച്ച എഡിബിയിൽ നിന്ന് ഫണ്ട് വാങ്ങി എൻജിനീയറിംഗ് ലാന്റ് ഫില്ലിംഗ് എന്ന പത്തു കോടിയുടെ പദ്ധതി നടപ്പാക്കാൻ തയ്യാറായി.

ഇത്തരമൊരു ചരിത്രപശ്ചാത്തലം നിലനിൽക്കെ മുഖ്യമന്ത്രി ഇടപെടുമ്പോൾ വിആർ വി ജി നടപ്പാക്കിയ പദ്ധതിക്കെന്ത് പറ്റി. അത് ശാസ്ത്രീയമായിരുന്നോ അല്ലയോ, അതിന്റെ പാളിച്ച എന്താണ് ഇതൊക്കെ പരിശോധിക്കേണ്ടതായിരുന്നു(ലക്ഷങ്ങൾ ചെലവിട്ട് വാങ്ങിയ അന്നത്തെ ഉപകരണങ്ങൾ ഇപ്പോഴും അവിടെയുണ്ടെന്നതിനാൽ). സംസ്ഥാനത്തിന് മാതൃകയാക്കാനാണ് ലക്ഷ്യമെങ്കിൽ വർഷങ്ങളുടെ ദുരിതകഥയായ ലാലൂരിനെക്കുറിച്ച് വിശദമായ പഠനമെങ്കിലും ആകാമായിരുന്നു. ഈ രംഗത്ത് സംഭാവന നൽകാൻ തയ്യാറുള്ളവരുടെ കൂട്ടായ്മയ്ക്കൊന്നും പരിഗണന കൊടുക്കാതെ പുതിയ പരിഹാരമെന്ന തോതിൽ പത്തിയൂർ ഗോപിനാഥ് എന്ന ശാസ്ത്രഞ്ജനെ മുഴുവൻ ചുമതലയും നൽകുകയാണ് ചെയ്തത്. പത്തിയൂർ എന്ത് പദ്ധതി നടപ്പാക്കിയാലും ആർ വിജിയുടെ പദ്ധതിക്കുണ്ടായ അവസ്ഥ ഉണ്ടാകാതിരിക്കട്ടെ എന്ന് ലാലൂരുകാർക്ക് പ്രാർഥിക്കാം. സാർക്കാർ അധികാരമാറ്റങ്ങൾക്ക് ഇനി ഒന്നര വർഷം മാത്രമേ ഉള്ളൂ എന്നതാണ് ഇത്തരം ആശങ്കയിലേക്കും പ്രാർഥനയിലേക്കും ലാലൂരുകാരെ ക്ഷണിക്കുന്നത്.

### സി പി എമ്മിന് രക്ഷപ്പെടാൻ ഇനി ഒന്നര വർഷം

ഭരണത്തിനും വികസനത്തിനും ജനക്ഷേമത്തിനുമെല്ലാം അപ്പുറം ഗ്രൂപ്പിസത്തിന്റെ ക്ഷീണത്തിൽ അമർന്നുകഴിയുന്ന, അതിനുവേണ്ടിമാത്രമുള്ള പാർട്ടിയായി ഇപ്പോൾ സി പി എം മാറിക്കഴിഞ്ഞു. സ്വന്തം പാർട്ടിക്കാരനായാലും എതിർഗ്രൂപ്പുകാരനാണെങ്കിൽ അദ്ദേഹത്തിന്റെ തീരുമാനങ്ങൾ എന്തു വില കൊടുത്തും കരിച്ചുകളയുക എന്നതാണ് അവരുടെ നയം. ഈ സമയത്താണ് പാർട്ടി സംസ്ഥാനസെക്രട്ടറി പിണറായി വിജയന്റെ ഉറ്റ തോഴനായ എ വിജയരാഘവൻ എം പിയുടെ ഭാര്യ ഭരണം കൈയാളുന്ന കോർപ്പറേഷനിലെ കാര്യം പാർട്ടിസംസ്ഥാനസെക്രട്ടറിയുടെ കണ്ണിലെ കരടായ കേരളമുഖ്യമന്ത്രി വി എസ് നേരിട്ട് കൈകാര്യം ചെയ്യാനെത്തുന്നത്. മുഖ്യമന്ത്രി ഒത്തുതീർപ്പിലെത്തിയ ലാലൂർ പ്രശ്നത്തിന്റെ നടത്തിപ്പിന്റെ(ഒന്നര വർഷം കൊണ്ട് എന്തെങ്കിലും നീക്കം നടന്നെങ്കിൽ) മുഴുവൻ വേളയിലും ഈ ഇടപെടലിലെ വിരോധാഭാസം അതിനെ തിരിഞ്ഞു കുത്തിക്കൊണ്ടേയിരിക്കും. മുഖ്യമന്ത്രി ചർച്ച ചെയ്തതാണെങ്കിലും ശേഷിക്കുന്ന എഡി ബി ഫണ്ടുപയോഗിച്ച് പത്തിയൂരിന്റെ പദ്ധതി സുഗമ

മായി നടപ്പാക്കേണ്ടത് കോർപ്പറേഷനാണ്. സുകുമാർ അഴീക്കോട് മുതൽ ഒടുക്കം മുഖ്യമന്ത്രി വരെ കോർപ്പറേഷന്റെയും മേയർ ആർ ബിന്ദുവിന്റെയും കഴിവില്ലായ്മയെ നിരന്തരം ആക്രമിക്കുകയും കളിയാക്കുകയും ചെയ്ത ശേഷമാണ് സമരം ഒത്തുതീർപ്പിലെത്തിച്ചത്. ഈ പകയെല്ലാം അതാത് വേളയിൽ കാണിക്കുന്നതിന് ഔദ്യോഗിക പക്ഷക്കാരായ സി പി എം ജില്ലാ ഘടകത്തിന്റെ പിന്തുണയുമുണ്ടാകും. എഡിബി പദ്ധതി നിർത്തലാക്കിയിട്ടില്ലെന്ന് പറഞ്ഞ് ലാലൂർ നിരാഹാരസമരം അവസാനിക്കുന്ന ദിവസം തന്നെ ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്ന പ്രസ്താവന മേയർ ഇറക്കിയതും ഈ ഇഷ്ടമില്ലായ്മയുടെ ചെറിയ പ്രകടനമാണ്.

ഇനി അതെല്ലാം വിട്ടുകളഞ്ഞാൽതന്നെ ഇത്തരം കാര്യങ്ങളിൽ അധികം താൽപ്പര്യമെടുക്കാൻ സിപിഎമ്മിന് ഇനി എത്ര കാലയളവുണ്ട് എന്നതാണ് മറ്റൊരു വസ്തുത. ആകെ ഒന്നര വർഷംകൊണ്ട് നിയമസഭാതിരഞ്ഞെടുപ്പും കോർപ്പറേഷൻ തിരഞ്ഞെടുപ്പും കടന്നുവരാൻ പോകുകയാണ്. മുഖ്യന്ത്രി ഒത്തുതീർത്ത പദ്ധതിയെക്കുറിച്ച് സി പി എമ്മിനും എൽ ഡി എഫിനും പ്രചരണവേളയിൽ വീരവാദമായി പ്രസംഗിച്ചുനടക്കാമെങ്കിലും അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തോ കോർപ്പറേഷനിലോ ഭരണമുണ്ടാകില്ലെന്ന് അവർക്കുപോലും നന്നായി ബോധ്യമുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ പത്തിയൂരിന്റെ പദ്ധതിയെക്കുറിച്ചോ ലാലൂരിന്റെ ശാശ്വത പരിഹാരമോ സി പി എമ്മിനു വേണമെങ്കിൽ പിൽക്കാലത്തെ അവരുടെ രാഷ്ട്രീയവിഷയമായി ഹൈജാക്ക് ചെയ്യാൻ കഴിയും. പരിഹരിക്കപ്പെടാത്ത ലാലൂർ വിഷയം പ്രതിപക്ഷത്തെത്തിയാൽ ഏറ്റെടുക്കാമെന്നും പിന്നീട് രാഷ്ട്രീയനേട്ടമുണ്ടാക്കാൻ അതിന് കഴിയുമെന്നും കണക്കാക്കിയാണ് ലാലൂരിൽ ഇക്കഴിഞ്ഞ വർഷം സി പി എമ്മിന്റെ നിയന്ത്രണത്തിലുള്ള ആക്ഷൻ കൗൺസിൽ ലാലൂരിൽ ഉണ്ടാക്കിയതെന്ന് സംശയിച്ചാലും തെറ്റില്ല. അങ്ങിനെ ഭരണമാറ്റം വരുമ്പോൾ പത്തിയൂരിന്റെ പദ്ധതി തുടരുമോ, പഴയ ആർ വി ജി പദ്ധതി തിരിച്ചുകൊണ്ടുവരുമോ എന്നൊന്നും ആർക്കും പ്രവചിക്കാനാകില്ല.


ലാലൂർ പ്രശ്നം ഈ മഴക്കുമുമ്പെങ്കിലും ആദ്യഘട്ടം തീർക്കണമെന്ന പ്രതീക്ഷയിലാണ് ഇതെഴുതുന്നയാൾക്കും ഉള്ളതെങ്കിലും ആത്മാർത്ഥമാർന്ന ഇടപെടലുകളെല്ലാം കാറ്റിൽ പറത്തി മുന്നേറുന്ന മുഖ്യധാരാ രാഷ്ട്രീയക്കാരുടെ കുതന്ത്രങ്ങളെ മനസിൽകണ്ടാണ് ഇത്രയും എഴുതിയത്. രാഷ്ട്രീയക്കാർ കൈവിടുമ്പോഴും കോടതി പലപ്പോഴും സമരക്കാർക്ക് അനുകൂലമായി നിൽക്കാറുണ്ടെന്ന പ്രത്യാശ ലാലൂരുകാർക്കുണ്ട്. ഇപ്പോഴും കോടതി ലാലൂരുകാർക്ക് അനുകൂലമായാണ് നിലയുറപ്പിച്ചിരിക്കുന്നത്. എന്നാൽ കോടതിയും പോലീസും സമരക്കാർക്ക് അനുകൂലമായപ്പോഴൊക്കെ എന്താണ് നടന്നതെന്നത് ചരിത്രമാണ്, അതുകൂടി പരിശോധിക്കാം.

### തോറ്റസമരപ്പന്തലിൽ നിന്ന് ഉയരുന്ന കരുത്ത്

ശക്തൻതമ്പുരാന്റെ കാലം മുതൽ തൃശൂർ പരിധിയിലെ മാലിന്യം നിക്ഷേപിച്ചുതുടങ്ങിയ ലാലൂരിൽ അന്നേ ജനവാസമുണ്ടായിരുന്നെങ്കിലും മാലിന്യത്തിന്റെ അളവ് കുറവായതിനാൽ പ്രശ്നം കുറവായിരുന്നു. പിന്നീട് നഗരവത്ക്കരണം ധ്രുതഗതിയിൽ മുന്നേറുകയും ജനവാസം കൂടുകയും ലാലൂരിലെത്തുന്ന മാലിന്യത്തിന്റെ അളവ് കൂടുകയുമായിരുന്നു. അങ്ങിനെയാണ് പ്രദേശത്തുകാർ ഇതിനെതിരെ തിരിഞ്ഞുതുടങ്ങിയത്. അറുപതുകളിൽ തന്നെ ഇതിനെതിരെ പ്രക്ഷോഭം തുടങ്ങിയിരുന്നെങ്കിലും സമരം ശക്തമായിതുടങ്ങിയത് 1983 മുതലാണ്. 1988 ഓടെ അന്തരിച്ച പ്രമുഖ കമ്യൂണിസ്റ്റ് എ വി ആര്യന്റെ നേതൃത്വത്തിലാണ് സമരം ശക്തിപ്പെട്ടത്. ലാലൂരിൽ അന്ന് ആശുപത്രി മാലിന്യങ്ങളടക്കം എത്തിയിരുന്നു. ഇതിനെതിരായ സമരം ശക്തിപ്പെട്ടതോടെയാണ് നീണ്ട വർഷത്തിനൊടുവിൽ 1992 ലാണ് ഹൈക്കോടതി വിഷയത്തിൽ ആദ്യമായി ഇടപെട്ടത്. ആറു മാസത്തിനകം ലാലൂരിനു പകരം മാലിന്യമിടാൻ മറ്റു സംവിധാനം/ സ്ഥലം തേടണമെന്ന് കോടതി പറഞ്ഞതോടെ പരിഹാരം വരാൻ പോകുന്നെന്ന് കരുതി സമരം നിർത്തിവച്ചു. എന്നാൽ അന്നത്തെ മുനിസിപ്പിലാറ്റിയാകട്ടെ( പിന്നീടാണ് കോർപ്പറേഷനായത്) കോടതി വിധി പാലിക്കാതെ മുന്നോട്ടുപോയി, നീണ്ട കാലം. കോടതി പോലും ഈ വിഷയത്തിൽ ആത്യന്തിക പരിഹാരത്തിന് ഹേതുവാകില്ല എന്ന് സമരക്കാർ പഠിച്ച ആദ്യപാഠമായിരുന്നു അത്. പിന്നീട് എത്ര തവണ കോടതിവിധിയും സ്റ്റേയും മറ്റും ഉണ്ടായെന്ന് സമരക്കാർക്കുപോലും ഓർമ്മയില്ല. 1992ൽ എസ്പിയും ജില്ലാകലക്ടറും എം എൽ എമാരും ചേർന്ന് രാമനിലയത്തിൽ വച്ച നടത്തിയ ചർച്ചയിൽ ലാലൂരിൽ പ്ലാന്റ് നിർമിക്കാൻ തീരുമാനമായി. അതു പാലിക്കാതെ വന്നപ്പോൾ 1997ൽ വീണ്ടും സമരം തുടങ്ങി. 1998ൽ ലാലൂരിലെ കിണറ്റിലിറങ്ങിയ മൂന്ന് തൊഴിലാളികൾ വിഷവാതകം ശ്വസിച്ച് മരിച്ചതോടെ ലാലൂർ മാലിന്യപ്രശ്നം വീണ്ടും രൂക്ഷമായി. ഇതോടെ ലാലൂരിൽ മാലിന്യം നിക്ഷേപിക്കാൻ പാടില്ലെന്ന് ആർ ഡി ഒ ഉത്തരവിട്ടു. എന്നാൽ മനുഷ്യത്വരഹിതമായ തോതിൽ അന്നത്തെ അധികാരികൾ ഹൈക്കോടതിയിൽ പോയി ആർ ഡി ഒയുടെ ഉത്തരവ് മരവിപ്പിക്കുകയും വീണ്ടും മാലിന്യം നിക്ഷേപിക്കുകയും ചെയ്തു. 2000ൽ വീണ്ടും കോടതി ഇടപെടുന്നു. നേരത്തെ പറഞ്ഞ പ്ലാന്റ് അങ്ങിനെയാണ് നിർബന്ധപൂർവ്വം ഇവിടെ 2003 ഓടെ ഉയർന്നത്. ഇതിനിടയിൽ നിരവധി തവണ ഗതി കെട്ട ലാലൂരുകാർ മാലിന്യം കൊണ്ടുവരുന്ന ലോറി തകർത്തും കൗൺസിലർമാരോട് കയർത്തും ചിലപ്പോൾ ആക്രമാസക്തമായും സമരം നടത്തി. ഇത്തരം സമരവഴിക്കിടയിൽ നിരവധി കേസുകൾ.രോഗങ്ങൾ.....ഇതൊക്കെയാണ് നേരിയ സമരചരിത്രം.

ഇത്തരം വാഗ്ദാനലംഘനങ്ങളുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടേ മുഖ്യമന്ത്രിയുടെ ഇടപെടലിനെയും കാണാനൊക്കൂ.

ലാലൂരിൽ ഇതുവരെ കാണാത്ത നീണ്ട സമരമായിരുന്നു(115ദിവസം) ഇവിടെ നടന്ന നിരാഹാരസമരമെന്നത് അഭിമാനിക്കാവുന്നതാണ്. എന്നാൽ സമരത്തിന്റെ ദൈർഘ്യം ഒരേ സമയം സമരത്തിന്റെ മുന്നോട്ടുള്ള പോക്കിനെ വല്ലാതെ ക്ഷീണിപ്പിക്കാനിടയുണ്ടായിരുന്നു. അത്തരം ഘട്ടത്തിൽ സമരത്തെ താങ്ങിക്കിടത്തി, അതാണ് വി എസ് ചെയതതെന്ന് ആരെങ്കിലും പറഞ്ഞുപോയാൽ അതിനെ തള്ളിക്കളയേണ്ടതില്ല. മൂന്നാർ ഓപ്പറേഷൻ കാലത്ത് തീരുമാനം നടപ്പാക്കാൻ ആർജ്ജവമുണ്ടായിരുന്ന മനസ് വി എസിന് തിരിച്ചുപിടിക്കാൻ തന്റെ ശേഷിക്കുന്ന ഭരണകാലത്ത് കഴിഞ്ഞാൽ ലാലൂരിന് എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കാം. അല്ലെങ്കിൽ ശാശ്വതപരിഹാരത്തിലേക്കുള്ള ദൂരം അന്നന്ന് കൂടിക്കൊണ്ടിരിക്കുന്നതാണ് ലാലൂരിന്റെ നീണ്ട സമരചരിത്രമെന്ന് വീണ്ടും അടിവരയിട്ട് പറയേണ്ടിവരും. ചില സമര ചരിത്രങ്ങളങ്ങിനെയാണ്, പതിറ്റാണ്ടുകൾ താണ്ടിയാലും അന്തിമവിജയത്തിന് സമയമേറെയെടുക്കും....അതിനാൽ നിരാശ അരുത്.



## ഗ്രന്ഥകർത്താകളുടേയും പ്രസാധാകരുടേയും ശ്രദ്ധയ്ക്ക്

കേരളീയത്തിന് സാമൂഹ്യവിഷയങ്ങളിൽ പഠനം, വിശകലനം, അനുഭവവിവരണം... ഉള്ളടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നതിനും ആസ്വാദനത്തിനും ആവശ്യമുണ്ട്. രണ്ട് കോപ്പികൾ വീതം അയക്കുക.

**പത്രാധിപർ, കേരളീയം**
കൊക്കാലെ, തൃശൂർ-21

നിരീക്ഷണം

# പൊതു ഇടങ്ങൾ വീണ്ടെടുക്കുക

ഗുണപരമായി ആളുകളെ കൂട്ടം ചേർക്കുന്നതിന് കാലങ്ങളായി നിലനിന്നിരുന്ന പൊതു ഇടങ്ങൾ ഒക്കെയും ഓരോ വർഷം ചെല്ലുന്തോറും പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. യൂത്ത് ക്ലബ്ബുകളും സന്നദ്ധസംഘങ്ങളും പബ്ലിക് ലൈബ്രറികളും വായനശാലകളും ചായക്കട സദസ്സുകളും കളിയിടങ്ങളും ആൽത്തറവട്ടങ്ങളുമൊക്കെ ചേർന്ന് രൂപപ്പെടുത്തിയിരുന്ന, നിലനിർത്തിയിരുന്ന സാഹോദര്യത്തിന്റേയും കൂട്ടായ്മയുടേയും സന്നദ്ധബോധത്തിന്റേയും സാമൂഹിക പ്രതിബദ്ധതയുടേയുമായ സർഗാത്മക പ്രവർത്തനങ്ങൾക്കും അതുകൊണ്ടു തന്നെ കരുത്തു കുറഞ്ഞു വരുന്നു. ഇതിന്റെയൊക്കെ പരിണിത ഫലമായി സമൂഹത്തിൽ നിഷേധാത്മക-വിധ്വംസക പ്രവർത്തനങ്ങൾ അനിയന്ത്രിതമാംവണ്ണം വളർന്നു പെരുകുകയാണ്. മുമ്പ് നിർമാണാത്മകയായി ചിന്തിച്ചിരുന്ന മനുഷ്യരുടെ അതേ വിഭവശേഷികൾ തന്നെയാണ് ഇന്ന് തെറ്റായ പാതയിൽ വിനിയോഗിക്കപ്പെടുന്നത്. കേരള വികസന മാതൃകയുടെ പ്രധാന ചേരുവയായിരുന്ന സന്നദ്ധ പ്രവർത്തനങ്ങൾ വളരെയധികം പരിമിതപ്പെട്ടുകൊണ്ടിരിക്കയാണ്. മതത്തിനും രാഷ്ട്രീയത്തിനും ആഴത്തിൽ സ്വാധീനമുള്ള കേരള സമൂഹത്തിൽ മതപരമായ ആഘോഷങ്ങൾക്കും ആദർശനിഷ്ഠമായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും ജാതി-മതഭേദമെന്യേ വിവാഹ-മരണ കർമങ്ങൾക്കും വളരെ പ്രസക്തമായി പൊതു ഇടങ്ങളുടെ സ്വഭാവമുണ്ടായിരുന്നു. മത-രാഷ്ട്രീയ മേഖലകളിലും മറ്റ് സാമൂഹിക സാഹചര്യങ്ങളിലും കഴിഞ്ഞ കുറേ കാലങ്ങളിലായി ഉണ്ടായിട്ടുള്ള വ്യതിയാനങ്ങളുടെ സ്വാധീനം കൊണ്ടുതന്നെ ഇത്തരം ഇടങ്ങളുടെ പൊതു സ്വഭാവം ഇല്ലാതാവുകയോ ദുർബലമാവുകയോ ചെയ്തുകൊണ്ടിരുന്നു.

പൊതു ഇടങ്ങളുടെ മഹനീയ മാതൃകകൾ ആവേണ്ടിയിരുന്ന അയൽക്കൂട്ടങ്ങളും സ്വയം സഹായസംഘങ്ങളും പക്ഷേ, 'അയൽക്കൂട്ട' സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ യശഃശരീരനായ ശ്രീ.ഡി. പങ്കജാക്ഷക്കുറുപ്പ് വിവക്ഷിച്ച പാരസ്പര്യ ബോധത്തിന്റെ കൂട്ടായ്മകളാകുന്നതിനു പകരം വ്യവസ്ഥാപിതവും നിയമാധിഷ്ഠിതവുമായ സർക്കാർ സംവിധാനങ്ങളായി പരിമിതപ്പെട്ടു എന്നിരിക്കിലും, പൊതു ഇടങ്ങളായി തീരാനുള്ള അവയുടെ ആശയപരമായ ചോദനകളെ പ്രോത്സാഹിപ്പിക്കുക തന്നെ വേണം.

മുൻ നിർവചിച്ച ഇടങ്ങളൊക്കെയും ഇത്തരത്തിലുള്ള പൊതു ഇടങ്ങളിലാണ് എന്ന് തിരിച്ചറിയാത്തിടത്തോളം കാലം അവയുടെ നഷ്ടപ്പെടൽ സൃഷ്ടിക്കുന്ന പ്രതിസന്ധികളെപ്പറ്റി നാം ഉൽക്കണ്ഠാകുലരാകില്ല. അതുകൊണ്ടുതന്നെ നിലനിന്നിരുന്നതും നിലനിൽക്കുന്നതുമായ പൊതു ഇടങ്ങളെ തിരിച്ചറിയുക, സമൂഹത്തിന്റെ സർഗാത്മക ജീവിതത്തിൽ അവക്കുണ്ടായിരുന്ന സ്വാധീനം രേഖപ്പെടുത്തുക, അവയുടെ കൊഴിഞ്ഞു പോക്കിലൂടെ ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ സാമൂഹിക പ്രതിസന്ധികളെ കണ്ടെത്തുക, നിലവിലുള്ള പൊതു ഇടങ്ങളെ പരിപോഷിപ്പിക്കുകയും കൂടുതൽ പൊതു ഇടങ്ങളെ പുനർനിർമിക്കുകയും ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പൊതു ഇടങ്ങളെ വീണ്ടെടുക്കുക എന്ന കാമ്പെയ്ൻ സംഘടിപ്പിക്കുകയാണ്. മാനവ സൗഹാർദ്ദവും സാമൂഹിക പുരോഗതിയും പ്രധാനമായും ആഗ്രഹിക്കുന്ന ഈ കാമ്പെയ്ൻ ജനങ്ങളുടെ സന്നദ്ധ ബോധത്തേയും കൂട്ടായ്മയേയും ഉണർത്തുന്നതിലൂടെ അതിന്റെ ലക്ഷ്യസാദ്ധ്യം പ്രതീക്ഷിക്കുന്നു.

**ശ്രദ്ധ, ഭരണങ്ങാനം 944121874, 9387451293**